# അദ്ധ്യായം - 12



*സായിലീലകൾ - 1. കാക്കാമഹാജനി. 2. ധൂമാലിലെ വക്കീൽ 3. മിസ്സിസ്സ് നിമോൻകാർ 4. മുലായ്ശാസ്ത്രി 5. ഒരു ഡോക്ടർ ഇവരുടെ അനുഭവകഥകൾ.*

*ഈ അദ്ധ്യായത്തിൽ ഭക്തന്മാരെ ബാബ എങ്ങിനെ സ്വീക രിച്ചു പെരുമാറി എന്നു പരിശോധിക്കാം.*

## ഋഷിമാരുടെ പ്രവർത്തനങ്ങൾ

മുൻ അദ്ധ്യായങ്ങളിൽ ദൈവാവതാരം സൽകൃത്തുകളെ രക്ഷിക്കാനും ദുഷ്കൃതരെ നശിപ്പിക്കാനുമാണെന്നു പറഞ്ഞു വല്ലോ. ഋഷിമാരുടെ അവതരണോദ്ദേശം മറ്റൊന്നാണ്. അവർക്ക് നല്ലതും ചീത്തയും ഒരുപോലെയാണ്. ആദ്യം ദുഷ്കൃതരെപ്പറ്റി ചിന്തിച്ച് അവരെ നേർവഴിക്ക് കൊണ്ടുവരുന്നു. ഭവസാഗരം കുടിച്ചു വറ്റിക്കുന്ന അഗസ്ത്യരും അജ്ഞാനാന്ധകാരം നീക്കുന്ന സൂര്യനും എല്ലാ അവരാണ്. ഭഗവാൻ ഋഷിമാരിൽ കുടികൊ ള്ളുന്നു. യഥാർത്ഥത്തിൽ അവർ ഭഗവാനിൽ വ്യത്യസ്ഥമല്ല. നമ്മുടെ സായി അത്തരത്തിലുള്ള ഒരു മഹൽ ശക്തി, ഭക്തന്മാ രുടെ രക്ഷക്കുവേണ്ടി അവതരിച്ചതാണ്. അപാരജ്ഞാനവും

ദൈവീക പ്രഭാവലയവുമുള്ള സായിബാബ സകല ജീവജാല ങ്ങളെയും സ്നേഹിച്ചു. ബാബ നിസ്സംഗനായിരുന്നു. ശത്രുവും മിത്രവും രാജാക്കന്മാരും ഭിക്ഷക്കാരും ബാബക്കൊരുപോലെയാ യിരുന്നു. ബാബയുടെ കഴിവുകളെ കേൾക്കുക. ഭക്തന്മാർക്കു വേണ്ടി എല്ലാ കഴിവുകളും ഉപയോഗിച്ച് ബാബ ജാഗരൂകനാ യി, അവരെ സഹായിച്ചു. എങ്കിലും ബാബ സ്വീകരിക്കാൻ തയ്യാ റായില്ലെങ്കിൽ ഒരു ഭക്തനും അങ്ങോട്ടടുക്കാൻ കഴിയുമായിരു ന്നില്ല. അവരുടെ ഊഴം വരുന്നതുവരെ ബാബ അവരെ ശ്രദ്ധി ക്കുകയോ ബാബയുടെ ലീലയെപ്പറ്റി അവർ കേൾക്കുകയോ ചെയ്യില്ല. പിന്നെ എങ്ങിനെയാണവർക്ക് ബാബയെ കാണാൻ സാധിക്കുന്നത്.? ചിലർ ബാബയെ കാണാനാഗ്രഹിച്ചിട്ടും മഹാ സമാധിവരേക്കും അതിന്ന് തരപ്പെട്ടില്ല. അങ്ങിനെ പലർക്കും കാണാൻ സാദ്ധ്യപ്പെടാതെ വന്നു. അവർ ഈ ലീലകളിൽ ശ്രദ്ധി ച്ചാൽ ദർശനമാകുന്ന പാലു നുകരുന്നതിന്നു പകരം ലീലാശ്ര വണമാകുന്ന തൈരുകൊണ്ടെങ്കിലും ഏറെക്കുറെ തൃപ്തരാവാം. ആരെങ്കിലും യാദൃശ്ചയാ ഭാഗ്യവശാൽ അവിടെ ചെന്ന് ബാബയെ കണ്ടാൽ അവർക്കവിടെ കൂടാൻ കഴിഞ്ഞിരുന്നുവോ? ഒരിക്കലു മില്ല. ആർക്കും സ്വേച്ഛയാ അവിടെ പോവാനോ, അവിടെ ദീർഘ കാലം താമസിക്കാനോ കഴിഞ്ഞിരുന്നില്ല. ബാബ അനുവദിക്കു ന്നതുവരെ അവിടെ നിൽക്കാം. ബാബ പോവാൻ പറഞ്ഞാൽ പൊയ്ക്കൊള്ളണം. അങ്ങിനെയെല്ലാം ബാബയുടെ ഇച്ഛാനുസ രണം മാത്രം നടക്കും.

## കാക്കാ മഹാജനി

ഒരിക്കൽ ബോമ്പെയിൽനിന്ന് കാക്കാ മഹാജനി ഷിർദ്ദി യിൽപോയി. അയാൾക്കവിടെ ഒരാഴ്ച നിന്ന് ഗോകുലാഷ്ടമി ഉത്സവം കാണണമെന്നുണ്ടായിരുന്നു. ബാബായെ കണ്ട ഉടനെ

ബാബ ചോദിച്ചു. എപ്പോഴാണ് വീട്ടിലേക്കു മടങ്ങുന്നത്.? അയാൾ അമ്പരന്നു ഇങ്ങനെ പറഞ്ഞു. ബാബ സമ്മതം തരുമ്പോൾ ബാബ പറഞ്ഞു. നാളെ പോവാം. ബാബയുടെ വാക്ക് നിയമമാണ്.അനുസരിക്കുകയും വേണം. അയാൾ മടങ്ങി ഓഫീസിൽ പോയപ്പോൾ അയാളുടെ മുതലാളി അയാളെ കാത്തിരിക്കുന്നതായിട്ടാണ് കണ്ടത്. അയാളുടെ മാനേജർക്ക് സുഖക്കേടായതിനാൽ കാക്കാമഹാജനിക്ക് ചാർജ് എടുക്കേണ്ടതുമായിരുന്നു. മുതലാളി കാക്കക്ക് ഒരു കത്ത് ഷിർദ്ദിയിലേക്കയച്ചത് മടങ്ങിവന്നു.

## ഭാവുസാഹെബ് ധൂമാൽ

മറ്റൊരുതരം കഥ കേൾക്കാം. ഭാവുസാഹേബ് ധൂമാൽ ഒരു കേസ്സാവശ്യമായി നീഫാഡിലേക്ക് പോകുകയായിരുന്നു. വഴിക്ക് അയാൾ ഷിർദ്ദിയിൽ വന്നു. ബാബയെ ദർശിച്ച് ഉടനെ കേസ്സിന് പോവാനാണ് ഉദ്ദേശം. ബാബ പോവാനനുവദിച്ചില്ല. ഒരാഴ്ചയിലധികം അയാളെ ബാബ ഷിർദ്ദിയിൽ നിർത്തി. ഈ സമയം നിഫാഡിലെ മജിസ്ട്രേട്ട് കഠിനമായ വയറ്റിൽവേദന കാരണം കേസ്സ് നീട്ടിവെച്ചിരുന്നു. പിന്നീട് ധൂമാലിനോട് കേസ്സിന് പോയ്ക്കൊള്ളാൻ അനുവാദവും കൊടുത്തു. അത് കുറച്ചു കാലം നടക്കുകയും നാലു മജിസ്ട്രേട്ടുമാർ മാറിമാറി വന്ന് വിചാരണ ചെയ്യുകയും ചെയ്തു. ഒടുക്കം ധൂമാൽ കേസ്സ് ജയിച്ച് കക്ഷിയെ വിടുവിച്ചു.

## മിസിസ് നിമോംകാർ

നിമോണിലെ വാട്ടൻദാറും ഹോണററി മജിസ്ട്രേട്ടുമായ നിമോൻകാർ ഭാര്യയോടുകൂടി വന്നു ഷിർദ്ദിയിൽ താമസിച്ചിരുന്നു. അവർ രണ്ടുപേരും അധികസമയവും മസ്ജിദിൽ ബാബയെ പരിചരിച്ചിരിക്കും. അവരുടെ മകന് ബേലാപ്പൂ





രിൽവെച്ച് സുഖമില്ലെന്നറിഞ്ഞ് മിസ്സിസ്സ് നിമോൻകാർ ബാബയുടെ അനുമതിയോടുകൂടി അവിടെപോയി കുറച്ചു ദിവസം നിൽക്കാൻ തീരുമാനിച്ചു. നാനാസാഹിബ് അവരോട് പിറ്റേന്ന് തന്നെ മടങ്ങി വരാൻ പറഞ്ഞു. അവരാകെ വിഷമിച്ചു എന്തു വേണമെന്നറിയാതെയായപ്പോൾ ബാബ അവരുടെ സഹായത്തിനെത്തി. ഷിർദ്ദിയിൽ നിന്ന് പോവാൻ പുറപ്പെട്ട് അവർ ബാബയെ നമസ്കരിച്ചുപോവാൻ അനുവാദം ചോദിച്ചു. ബാബ പറഞ്ഞു. സമാധാനമായി വേഗം പൊയ്ക്കൊള്ളൂ. നാലു ദിവസം ബേലാപ്പൂരിൽ താമസിച്ചോളൂ. എല്ലാ ബന്ധുക്കളേയും കണ്ട് ഷിർദ്ദിയിലേക്ക് മടങ്ങിയാൽ മതി. എത്രമാത്രം അവസരോചിതമായിരുന്നു ബാബയുടെ വാക്കുകൾ!1 നാനാസാഹിബിന്റെ തീരുമാനം ബാബയുടെ വാക്കുകളാൽ റദ്ദായിപ്പോയി.

## നാസിക്കിലെ മൂലായ് ശാസ്ത്രി

ഒരു യഥാസ്ഥിതിക അഗ്നിഹോത്രബ്രാഹ്മണനും, ആറുശാസ്ത്രങ്ങളും, ജ്യോതിഷവും നല്ലപോലെ പഠിച്ച ആളുമായ നാസിക്കിലെ മൂലായ് ശാസ്ത്രി ഒരിക്കൽ ഷിർദ്ദിയിലേക്ക് നാഗരപ്പൂരിലെ കോടീശ്വരനായ ബാപ്പു സാഹെബ ഭൂട്ടിയെ കാണാനായി വന്നു. അവർ തമ്മിൽ കണ്ടശേഷം അവർ ബാബയെ ദർശിക്കാൻ മസ്ജിദിലേക്കു പോയി. ബാബ പലതരം പഴങ്ങളും കച്ചവടക്കാരോട് വാങ്ങി മസ്ജിദിൽ കൂടിയവർക്ക് കൊടുക്കാറുണ്ട്. ബാബ ചിലപ്പോൾ മാമ്പഴം നല്ലപോലെ പതപ്പിച്ച് കൊടുത്താൽ ഒറ്റവലിക്ക് മുഴുവൻ കഴമ്പും കഴിച്ച് തോലും അണ്ടിയും വലിച്ചെറിയാം. അത്രക്ക് വിദഗ്ദ്ധമായി ബാബ മാമ്പഴം പതപ്പിക്കും. പഴം തോലുരിച്ച് ഭക്തന്മാർക്ക് കൊടുത്ത് തോൽ ബാബ സ്വന്തമാവശ്യത്തിനെടുക്കും. മുലായ്ശാസ്ത്രി ഹസ്തരേഖാ ശാസ്ത്രജ്ഞാനായതിനാൽ ബാബയുടെ കയ്യ് നോക്കാൻ അനുവാദം ചോദി

ച്ചു. ബാബ അതിൽ ശ്രദ്ധിക്കാതെ അയാൾക്ക് നാലു വാഴപ്പഴങ്ങൾ കൊടുത്തു. പിന്നെ അവർ വാഡയിലേക്കു മടങ്ങി. മൂലായ്ശാസ്ത്രി കുളിച്ച് പരിശുദ്ധവസ്ത്രം ധരിച്ച് അഗ്നിഹോത്രം മുതലായ ദിനചര്യക്കിരുന്നു. അപ്പോൾ ബാബ ലെണ്ടിതോട്ടത്തിലേക്ക് പുറപ്പാടായി. ബാബ പറഞ്ഞു. കുറച്ച് കാവി എടുത്തോളു. ഇന്നു നാം കാവി വസ്ത്രം ധരിക്കാൻ പോകുന്നു. ബാബ എന്താണുദ്ദേശിച്ചതെന്ന് ആർക്കും മനസ്സിലായില്ല. കുറച്ച് കഴിഞ്ഞ് ബാബ മടങ്ങി വരികയും മദ്ധ്യാഹ്ന ആരതിക്ക് ഏർപ്പാടു തുടങ്ങുകയും ചെയ്തു. ബാപ്പുസാഹെബ് ജോഗ്, മുലായ് ശാസ്ത്രിയോട് ആരതിക്കു വരുന്നുണ്ടോ എന്നു ചോദിച്ചു. അയാൾ ബാബയെ വൈകുന്നേരം കാണാമെന്നും പറഞ്ഞു. ബാബ ആസനത്തിലിരുന്നു ആരതിയും നടത്തി. ബാബ പറഞ്ഞു ആ നാസിക്ക് ബ്രാഹ്മണനോട് കുറച്ചു ദക്ഷിണവാങ്ങി കൊണ്ടുവരൂ. ഭൂട്ടിതന്നെ ദക്ഷിണ വാങ്ങാൻ പോയി. അയാൾ ബാബയുടെ സന്ദേശം പറഞ്ഞപ്പോൾ ശാസ്ത്രി അന്തംവിട്ടു പോയി. അയാൾ കരുതി ഞാൻ ഒരു പരിശുദ്ധ അഗ്നിഹോത്ര ബ്രാഹ്മണനായിരിക്കെ എന്തിന് ദക്ഷിണ കൊടുക്കണം? ബാബ മഹാനായിരിക്കാം. ഞാൻ ബാബയുടെ ആശ്രിതനൊന്നുമല്ലല്ലോ. പക്ഷെ ഒരു മഹാസിദ്ധൻ കോടീശ്വരനെ അയച്ച് ദക്ഷിണ ചോദിച്ചതുകൊണ്ട് കൊടുക്കാതിരിക്കാനും വയ്യ. അതുകൊണ്ട് ദിനചര്യ മുഴുമിക്കാതെ ഭൂട്ടിയോട്കൂടി അയാൾ മസ്ജിദിലേക്ക് പുറപ്പെട്ടു. അയാൾ സ്വയമേ പരിശുദ്ധനും പുണ്യവാനുമാണെന്നും പള്ളി മോശസ്ഥലമാണെന്നും കരുതി അയാൾ ദൂരെ നിന്ന് ബാബക്ക് പൂ അർപ്പിച്ചു. അതിശയമെന്നു പറയട്ടെ അയാൾ അപ്പോൾ കണ്ടത് ബാബയെ അല്ല. സ്വന്തം ഗുരു ഘോലാപ് സ്വാമിയെയാണ്. അയാൾഅതിശയിച്ചു. സ്വപ്നമായിരിക്കുമോ? അല്ല. സ്വപ്നമല്ല. പിന്നെ എങ്ങിനെ സമാധിയായ ഘോലാപ്സ്വാമി ഇവിടെ?

അയാൾ സ്തബ്ദ്ധനായി. അയാൾ സ്വപ്നമല്ലെന്ന് പരിശോധിക്കാൻ ദേഹത്ത് നുള്ളിനോക്കി. അന്തരിച്ച ഗുരു ഇവിടെയോ? പള്ളിയിൽ ഒടുക്കം അയാൾഓടിച്ചെന്ന് നമസ്കരിച്ചു. കൈകെട്ടി നിന്നു ബാക്കിപേർആരതി പാടുമ്പോൾ മുലായ്ശാസ്ത്രി ഗുരുവിന്റെ പേർ ഉറക്കെ ഉച്ചരിച്ചു. പിന്നീട് അയാളുടെ മഹത്വവും ജാതിക്കുശുമ്പും എല്ലാം ഉപേക്ഷിച്ച് ഗുരുവിന്റെ പാദത്തിൽ വീണുരുണ്ട് കണ്ണുമടച്ചു കിടന്നു. പിന്നീട് എണീറ്റ് കണ്ണുതുറന്നപ്പോൾ ബാബ ദക്ഷിണ ചോദിക്കുന്നതാണ് കണ്ടത്. ബാബയുടെ അതിമാനുഷത്ത്വവും ആനന്ദസ്വരൂപവും കണ്ട് അയാൾ തന്നത്താൻ മറന്നു. അയാൾ ആനന്ദാശ്രുക്കൾ പൊഴിച്ചു. ബാബയെ വീണ്ടും വീണ്ടും വണങ്ങി ദക്ഷിണ കൊടത്തു. അയാളുടെ സംശയം നീങ്ങിയതായും സ്വന്തം ഗുരുവെ കണ്ടതായും അയാൾ പറഞ്ഞു. ഈ ലീലകണ്ട് എല്ലാവരും മുലായ് ശാസ്ത്രിയോടൊപ്പം അതിശയിച്ചു. ഇതാണ് ബാബ കാവിവസ്ത്രം ധരിക്കാൻ പോവുന്നു എന്ന് പറഞ്ഞതിന്റെ അർത്ഥം. ഘോലാപ്സ്വാമി കാവി വസ്ത്രധാരിയായിരുന്നു. ഇത്തരമാണ് ബാബയുടെ അതിശയ ലീലകൾ.

## ഒരു ഡോക്ടർ

ഒരിക്കൽ ഒരു മംലത്തദാർ അയാളുടെ ഡോക്ടർ സ്നേഹിതനോടുകൂടി ഷിർദ്ദിയിൽ വന്നു. ഡോക്ടർ അയാളുടെ ഇഷ്ടദേവത രാമനാണെന്നും ഒരു മുഹമ്മദീയനെ കുമ്പിടില്ലെന്നും അതുകൊണ്ട് താൻ ഷിർദ്ദിക്ക് വരുന്നില്ലെന്നും പറഞ്ഞു. മംലത്ത്ദാർ, അതിന്ന്, അയാളെ ആരും നമസ്ക്കരിക്കാൻ നിർബന്ധിക്കില്ലെന്ന് പറഞ്ഞ് സമാധാനിപ്പിച്ചു. അയാളെ തുണക്കുവേണ്ടി മാത്രം എന്ന നിലയിൽ കൂട്ടികൊണ്ടു പോയി. ഷിർദ്ദിയിലെത്തി അവർ ബാബാ ദർശനത്തിന് ചെന്നു. എല്ലാവർക്കും

അതിശയകരമാംവിധം ഡോക്ടർ മുന്നിൽ ഓടിച്ചെന്ന് ബാബയെ നമസ്കരിക്കുന്നുണ്ട്! അവർ എന്താണ് അയാളുടെ തീരുമാനം ലംഘിച്ച് ഒരു മുസൽമാനെ നമസ്കരിച്ചത് എന്നു ചോദിച്ചു. ഡോക്ടർ പറഞ്ഞു. ഞാനെന്റ് ഇഷ്ടദേവത രാമനാണിവിടെ ഇരിക്കുന്നതായി കണ്ടത്. അതുകൊണ്ട് ഞാൻ നമസ്കരിച്ചു! ഇതു പറഞ്ഞുകൊണ്ടിരിക്കെ അയാൾ ബാബയെ തന്നെ വീണ്ടും കണ്ടു. ഡോക്ടർ അന്തംവിട്ട് പറഞ്ഞു. ഇതു സ്വപ്നമാണോ! ബാബ മുഹമ്മദീയനൊന്നുമല്ല. ഒരു മഹായോഗസമ്പന്ന അവതാരമാണ്. അടുത്തദിവസം അയാൾ വ്രതമെടുത്ത് നിരാഹാരം അനുഷ്ഠിച്ചു ബാബ അനുഗ്രഹിക്കുന്നതുവരെ മസ്ജിദിൽ പോവില്ലെന്നു തീരുമാനിച്ചു. 3 ദിവസം അങ്ങിനെ പോയി. 4-ാം ദിവസം അയാളുടെ അടുത്ത സുഹൃത്തായ ഖാണ്ഡേശ്കാരനൊരാളുമായി അയാൾ മസ്ജിദിൽ പോയി. നമസ്കരിച്ചു കഴിഞ്ഞപ്പോൾ ബാബ ചോദിച്ചു. എന്താ ആരും വിളിക്കാൻ വന്നില്ലല്ലോ? പിന്നെ എന്തിനു വന്നു? ഇതുകേട്ട് ഡോക്ടർ വിസ്മയിച്ചുപോയി. അന്നു രാത്രി ഉറക്കത്തിൽ ബാബ അയാളെ സമീപിച്ച് അനുഗ്രഹിച്ചതായി സ്വപ്നം കിട്ടി. പിന്നീട് നാട്ടിൽ പോയിട്ടും പതിന്നാലു രാത്രികളിൽ ഇതേ അനുഭവമുണ്ടായി. അങ്ങിനെ അയാൾ സായിബാബയുടെ ഒരു മഹാഭക്തനായി. ഈ കഥകളുടെ, പ്രത്യേകിച്ച് മുലായ് ശാസ്ത്രിയുടെ കഥയുടെ, തത്വം നമുക്ക് ഗുരുവിൽ ഉറച്ച വിശ്വാസം വേണമെന്നാണ്. അടുത്ത അദ്ധ്യായത്തിൽ കൂടുതൽ ലീലകളെപ്പറ്റി പ്രതിപാദിക്കാം.

ശ്രീ സായിയെ നമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ!